# Govt. VHSS, KALLARA

+91 0472 2860805
gvhsskallara@gmail.com
www.vhsskallara.in

# സർഗം



പൊതുവിദ്യാഭ്യാസവകുപ്പ്
കേരള സർക്കാർ

little KITEs

# ഉള്ളടക്കം

## കവിതകൾ


| | |
|---|---|
| സ്നേഹം | 11 |
| അമ്മയ്ക്കൊരു താരാട്ട് | 12 |
| അമ്മ | 14 |
| മഴത്തുള്ളി | 15 |
| പൂമ്പാറ്റയേ നീ | 16 |
| പറവകളേ ഞാനും കൂടെയുണ്ട് | 17 |
| The Flower of Love | 21 |
| അമ്മയും ഞാനും | 23 |
| അറച്ചു നിന്ന കാലം | 24 |
| കുഴിമന്തി | 25 |
| The Moonlight | 26 |
| സൗഹൃദഗന്ധം | 27 |
| മഴ വന്നേ | 28 |
| നെല്ലിമരം | 29 |
| പ്രണയത്തിന്റെ പൂവ് | 30 |
| വാടിയതുലിക | 31 |
| The Melody of Night | 32 |
| *The Birds in My Backyard* | *42* |

## കഥകൾ

| | |
|---|---|
| **വിജയത്തിലേക്കുള്ള കാല് കുത്തൽ** | 13 |
| The Lost city of Ithara | 18-19 |
| **പ്രകൃതി** | 20 |
| Magical Forest Adventure | 22 |
| The little bookshop of dreams | 33 |
| **الأسد الجشع** | 39 |
| **ദില്ലിയിലേക്കൊരു യാത്ര** | 40 |
| हरी बूंद | 43 |
| **പൂന്തേൻ** | 41 |
| കാട്ടിലെ കൊട്ടാരം | 42 |




**മാലി ഗോപിനാഥ്**
**പ്രിൻസിപ്പാൾ**
**ഗവ: വി എച്ച് എസ് എസ് കല്ലറ**



പ്രിയമുള്ളവരേ ,

ഓരോ വർഷം പിന്നിടുമ്പോൾ ഏറെ പുതുമയുള്ളതും പ്രതീക്ഷകൾക്ക് കൂടുതൽ നിറവും കരുത്തും നൽകികൊണ്ട് വളർന്നു കൊണ്ടിരിക്കുകയാണ് നമ്മുടെ ലിറ്റിൽ കൈറ്റ്സ് കുടുംബം.കൊച്ചു കൂട്ടുകാരുടെ  അനുഭവങ്ങൾ അക്ഷരങ്ങളിലൂടെയും വരകളിലൂടെയും പ്രകടമാക്കാൻ കിട്ടുന്ന ഒരു അവസരമാണ് ഈ മാഗസിൻ.മറ്റുള്ളവർക്ക് ഇത് ഒരു പ്രചോദനം കൂടെയാകട്ടെ.

............. അതിന്റെ പൂർണതയിൽ എത്തിക്കുന്നതിനു പിന്നിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സ്  കുടുബാംഗ ങ്ങൾക്ക്  ആശംസകൾ

മാലി ഗോപിനാഥ്
പ്രിൻസിപ്പാൾ
ഗവ: വി എച്ച് എസ് എസ് കല്ലറ



## ബീനാമോൾ എസ്

**ഹെഡ്മിസ്ട്രസ്**

**ഗവഃ വി എച്ച് എസ് എസ് കല്ലറ**



പ്രിയമുള്ളവരേ ,

തിരുവനന്തപുരം ജില്ലയിലെ സർക്കാർ മേഖലയിലെ ഏറ്റവും പ്രശസ്തമായ കല്ലറ ഗവ: വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിന്റെ മഹത്തായ പാരമ്പര്യത്തിന്റെയും വളർച്ചയുടേയും സാമൂഹ്യ പ്രതിബദ്ധതയുടേയും തനിമയാർന്ന നേർചിത്രങ്ങൾ അടയാളപ്പെടുത്തുക എന്നതാണ് ഈ എളിയ പരിശ്രമത്തിന്റെ ലക്ഷ്യം. ജ്ഞാനത്തിന്റേയും കലയുടേയും സംസ്കാരത്തിന്റേയും നേർസാക്ഷ്യമായി ഈ നാടിന്റെ തലയെടുപ്പിൽ , നന്മയിൽ പതിറ്റാണ്ടുകളുടെ പാരമ്പര്യമുള്ള ഈ സ്കൂളിന്റെ പുരോഗതിയിൽ നാഴിക കല്ലുകൾ ആയ വ്യക്തികളേയയും സംഭവങ്ങളേയും ഓർത്തെടുക്കാനുള്ള ഒരു എളിയ ശ്രമമാണ് ഇവിടെ നടത്തിയിട്ടുള്ളത് .

ദേശസ്നേഹത്തിന്റെ , ഒരുമയുടെ പ്രതീകമായി ഒരു നാടിന്റെ ഹൃദയഭാഗത്ത് കെടാവിളക്കായി കത്തിജ്വലിച്ച് നിൽക്കുന്ന ഈ സ്ഥാപനം മേൽക്കുമേൽ അഭിവൃദ്ധി പ്രാപിക്കുവാൻ ഞങ്ങൾക്ക് പിന്തുണ തരുന്ന നല്ലവരായ നാട്ടുകാർക്കും സുഹൃത്തുക്കൾക്കും ആശംസകൾ നേരുന്നു . ഇതിൽ ഭാഗമായ എല്ലാവർക്കും പങ്കാളികളായ ലിറ്റിൽ കൈറ്റ്സ് കുട്ടികൾക്കും അവർക്ക് പൂർണ പിന്തുണ നൽകി ഒപ്പം നിൽക്കുന്ന അധ്യാപകർക്കും സ്കൂളിന്റെ പേരിൽ നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു

വിശ്വസ്ഥതയോടെ

**ബീനാമോൾ എസ്**
**ഹെഡ്മിസ്ട്രസ്**
**ഗവ: വി എച്ച് എസ് എസ് കല്ലറ**



പ്രിയമുള്ളവരേ ,

അറിവിന്റെ അനന്തവിഹായസ്സിലേക്ക് വർണ്ണച്ചിറകുകളുമായി പറന്നുയരുന്ന ബാല്യകൗമാര മനസ്സുകളുടെ ഹൃദയത്തുടിപ്പുകൾ നമുക്കിവിടെ കേൾക്കാം...

നവസാങ്കേതിക വിദ്യ ഒരുക്കിയ നൂതനമായ അന്തരീക്ഷത്തിൽ ജീവിക്കുന്ന പുതു തലമുറയുടെ ഭാവനയും സ്വപ്നങ്ങളും പ്രതീക്ഷകളും സൗഹൃദവും പ്രണയവുമൊക്കെ വാക്കായും വരിയായും വരയായും രൂപാന്തരം പ്രാപിക്കുമ്പോൾ നമുക്കവയെ ഹൃദയത്തോടെ ചേർത്തു നിർത്താം...

അതെ, ഇതൊരു അടയാളപ്പെടുത്തലാണ്.. മാറിയ കാലത്തിനൊപ്പം നടക്കാനും നടന്ന വഴികളെ ഓർമ്മിക്കുവാനും പുതു പാത പടുത്തുയർത്താനും വേണ്ടിയുള്ള അടയാളപ്പെടുത്തൽ....!

ദീപ്തി. പി.
സ്റ്റാഫ് എഡിറ്റർ
ജി. വി. എച്ച്. എസ്. എസ്. കല്ലറ



പ്രിയപ്പെട്ടവരേ...

പലതരം കഥകളും ലേഖനങ്ങളും കവിതകളും ഇതൾവിരിയുന്നത് സർഗാത്മക ഭാവനയുടെ സഹായത്തോടെയാണല്ലോ? പലപ്പോഴും കണ്ണിനും കാതിനും മനസിനും ഇമ്പം പകരുന്നതോ സ്പർശിക്കുന്നതോ ആയ കാര്യങ്ങൾ വാക്കുകളിലൂടെ പ്രകടമാകുമ്പോൾ അത് അത്ഭുതമായി മാറാറുണ്ട്. ഈ മാഗസിനിലൂടെ, വളർന്നുവരുന്ന നാളത്തെ കൊച്ചുകലാകാരന്മാരുടെ കഥകൾ, കവിതകൾ, ഉപന്യാസങ്ങൾ തുടങ്ങിയവ നിങ്ങളുടെ മുന്നിലേക്ക് എത്തുന്നു. വരൂ.... നമ്മുടെ വിദ്യാലയത്തിലെ യുവ പ്രതിഭകൾ ഒരുക്കിയ പാതകളിലൂടെ സഞ്ചരിച്ച് ഭാവനയുടെയും ചിന്തകളുടെയും അത്ഭുതലോകത്തിലേക്ക് നമുക്ക് പ്രവേശിക്കാം.

അദ്വിക അഭിലാഷ്

സ്റ്റുഡന്റ് എഡിറ്റർ

**ഗവ: വി എച്ച് എസ് എസ് കല്ലറ**



പി ടി എ പ്രസിഡന്റ്
നൗഷാദ്



മദർ പി ടി എ പ്രസിഡന്റ്
ബെൻസി



സ്കൂൾ ലീഡർ
ആഷിക് മുഹമ്മദ്



സ്കൂൾ ചെയർമാൻ
മുനീർ

# സ്നേഹം

വൈഗ ആർ.ജെ
6D



എന്നും വേണം സ്നേഹം.

എങ്ങും വേണം സ്നേഹം.

എവിടെയും ശാന്തി പരത്തുന്നു.

സ്നേഹം നന്മയുണർത്തുന്നു.

സ്നേഹം മംഗളമേകുന്നു.

എന്നും മംഗളമാക്കുന്നു.

സ്നേഹം സൗന്ദര്യമേകുന്നു.

എന്നും സുന്ദരമാക്കുന്നു.

വേഗം തന്നതും ശത്രുതപോലും

അകറ്റും സ്നേഹം എപ്പോഴും.

മണ്ണിൽ വാണീടുന്നോർക്കെല്ലാം

വേണമെന്നും സ്നേഹം.

ദൈവത്തിൻ അനുഗ്രഹം

കിട്ടാനാർക്കും

വേണം സ്നേഹം.

# അമ്മയ്ക്കൊരു താരാട്ട്

-ദീപ്തി. പി
എച്ച് എസ് ടി മലയാളം

ഇനിയൊരു താരാട്ട് പാടാം
ഞാനമ്മയ്ക്കായ്
മടിയിൽ തല ചായ്ച്ചുറങ്ങൂ...
മധുരമാം ബാല്യസ്മരണയിലെന്നെ
ഉറക്കിയിരുന്ന താരാട്ട്..
കൊച്ചരിപ്പല്ല് വച്ചുച്ചത്തിൽ
ഞാനന്ന് പാടിയിരുന്നൊരു പാട്ട്..
പൊള്ളുന്ന ചൂടിൽ
ഉറങ്ങാത്ത രാത്രിയിൽ
നെറുകിൽ തലോടുന്ന പാട്ട്
ഈ ദുഃഖസാഗരം
നീന്തിക്കടക്കുവാൻ
തുണയായി നിന്നൊരു പാട്ട്..
തിളയ്ക്കുന്ന വേനലിന്നറുതിയിലും
സ്നേഹത്തെളിനീരായ്
വർത്തിച്ച പാട്ട്..
ഏതു തമസ്സിലും പ്രഭചൊരിഞ്ഞീടുന്ന
അമ്മ മണമുള്ള പാട്ട്..
ആദ്യമായന്നെൻ മകൾക്കായി ഞാനും
പാടിപ്പകർന്ന താരാട്ട്..
നെറുകിൽ തലോടിയൊരുമ്മയും തന്നിനി
പാടാമെന്നമ്മയുറങ്ങൂ..
പോയകാലത്തിൻ മധുരസ്മരണകൾ
ഓർത്തോർത്തുകൊണ്ടേയുറങ്ങൂ..

# വിജയത്തിലേക്കുള്ള കാല് കുത്തൽ

ഋതിക.ആർ.എസ്
6D

**നമ്മൾ മനുഷ്യർ എല്ലാവരും നേരിടുന്ന ഏറ്റവും വലിയ പ്രശ്നം തന്നെയാണ് വിജയവും പരാജയവും. എന്നാൽ എപ്പോഴും നമുക്ക് ആദ്യം തന്നെ വിജയം കൈവരിക്കാൻ പറ്റണമെന്നില്ല .കാരണം നമുക്ക് പലപ്പോഴും പരാജയത്തിൽ നിന്ന് മാത്രമേ വിജയം കൈവരിക്കാൻ കഴിയുകയുള്ളൂ. ഒരു തവണ നമ്മൾ പരാജയപ്പെട്ടു എന്ന് ഓർത്ത് നമ്മൾ അതിൽ തളരുകയല്ല ചെയ്യേണ്ടത് നമ്മൾ അതിനു വേണ്ടി വീണ്ടും വീണ്ടും പ്രയത്നം ചെയ്യേണ്ടതായിട്ടുണ്ട്. എങ്കിൽ മാത്രമേ നമുക്ക് വിജയം കൈവരിക്കാൻ പറ്റുകയുള്ളൂ. നമ്മൾ ഒന്നിനേയും ഭയപ്പെടരുത്, എങ്കിൽ നമുക്ക് ഒന്നും നേരിടാൻ പറ്റില്ല. എന്തിനേയും നേരിടാനുള്ള ശക്തിയും ബുദ്ധിയും നമുക്ക് എവിടെനിന്നും കിട്ടുന്നതല്ല, അത് നമ്മൾ സ്വയം നിർമ്മിക്കേണ്ടതാണ്. നമുക്ക് വിദ്യാഭ്യാസവും അറിവും മാത്രമല്ല വേണ്ടത്, അച്ചടക്കവും സ്നേഹവും ആണ് വേണ്ടത്. അതുപോലെ നമ്മൾ മുതിർന്നവരോടായാലും ഇളയവരോടായാലും വളരെ അച്ചടക്കത്തോടെ വേണം പെരുമാറാനുള്ളത്. ഇങ്ങനെയുള്ള ഒരു വ്യക്തിക്ക് എന്നായാലും വിജയം കൈവരിക്കാനുള്ള അവസരം ലഭിക്കും.**

# അമ്മ

ഇഷാന എൻ എസ്
9C

അമ്മയാണ് സത്യം.
അമ്മ തന്നെ സ്നേഹം.
അമ്മയാണ് കൺമുന്നിൽ
കാണുന്ന ദൈവം.
ദൈവത്തിനെന്തെല്ലാം
നന്മകളുണ്ടോ
അവയെല്ലാം ഈ മണ്ണിൽ
അമ്മയിൽ മാത്രം.
അമ്മ തൻ സ്നേഹം
മറ്റാർക്കുമില്ല.
അമ്മ തൻ കരുതൽ
മറ്റാർക്കുമില്ല.
എൻ കൺ നിറഞ്ഞാൽ
അമ്മയൊന്ന് പിടയും.
അമ്മയൊന്ന് ചേർത്താൽ
കണ്ണീരു മായും
തെറ്റൊന്നു കണ്ടാൽ
ശകാരിക്കും അമ്മ.
വീട്ടിലുള്ളൊരു
വിളക്കാണെൻ അമ്മ.



അമ്മയ്ക്കു പകരം
മറ്റാരുമില്ല.
അമ്മയെന്നുള്ളിൽ
കൺകണ്ട ദൈവം!

# മഴത്തുള്ളി

-ABHICHANDRAN 9K

വന്നു വന്നു മഴത്തുള്ളി

എൻ മുറ്റത്തേക്കെത്തുന്നു.

വന്നു വന്നു മഴത്തുള്ളി

കലപിലശബ്ദം കേൾക്കുന്നു.

തുള്ളിത്തുള്ളി മരക്കൊമ്പുകളിൽ,

ചാടിത്തുള്ളി മറിയുന്നു.

## വസ്തുതകൾ

ലോകത്തിലെ ഏറ്റവും പ്രശസ്തമായ ഛായചിത്രമാണ് ലിയനാഡോ ഡാവിഞ്ചി വരച്ച മൊണാലിസ. പാരീസിലെ ലൂവർ (Louvre) മ്യൂസിയത്തിലാണിത് സംരക്ഷിക്കപ്പെട്ടിരിക്കുന്നത്. മൊണാലിസയുടെ നിഗൂഢമായ പുഞ്ചിരിയാണ് ഈ ചിത്രത്തെ ലോകപ്രശസ്തമാക്കിയത്. ഈ ചിത്രത്തിന്റെ മതിപ്പു വില 10 കോടി യു.എസ്. ഡോളർ, അതായത് 8,33,54,45,000 രൂപ.



# പൂമ്പാറ്റയേ നീ

ആമിന
9D

പൂക്കളിൽനിന്ന് മധു നുകരുവാൻ
വന്ന പൂമ്പാറ്റയെ നീ
പൂവിനെ നോക്കി ചിരിക്കരുതേ!
മധുനുകർന്ന് മനം കവർന്ന്
നീ ദൂരേക്കു പോയിടുമ്പോൾ
വേദനിച്ചീടുന്നു പൂവിൻ മനം.
ദിനംതോറും നിന്നെയും കാത്തു
നിന്നീടുന്നു ഒടുവിൽ ഉണങ്ങി
പൊഴിഞ്ഞിടുന്നു, നിൻ
ഓർമ്മകളുമായി മണ്ണിലലിഞ്ഞു
ചേർന്നിടുന്നു...

## വസ്തുത

കുത്തനെ പറന്നുയരുന്ന ഹാരിയർ
കുത്തനെ പറന്നുയരാൻ മിടുക്കരാണ് ഹാരിയർ പക്ഷികൾ. ഒരിനം യുദ്ധവിമാനത്തിന് ഹാരിയർ എന്ന് പേര് നൽകാൻ കാരണം ഈ  പക്ഷിയുടെ സവിശേഷത അതിനുള്ളതുകൊണ്ടാണ്.



# പറവകളെ ഞാനും കൂടെയുണ്ട്

ആമിന
9D



വിശാല ഭൂമിയിൽ തൊട്ടുരുമാനും
ഭാഗ്യമുണ്ടീ പറവകളേ......
ചിറകുവിരിക്കും സൗരഭ്യത്തിൽ
മയങ്ങിടും ഈ മേഘങ്ങൾ....
കാറ്റിൽ താളമടിച്ചു നടന്നു കളിക്കും
കുഞ്ഞി പറവകളേ....
വർണ്ണാഭമായ് തിളങ്ങും ചിറകുകൾ
എനിക്കായി വേണ്ടി നീട്ടില്ലേ......
ഉയരങ്ങളിലായി പോവുമ്പോഴും
ചെറുശരീരമായി നീ കീഴടക്കുമേ....
ലോകം അതിലൊരു ആകാശത്തിൽ
ഉയരേ പാറൂ പറവകളേ.......



# The Lost City of Ithara

-ബ്രിജിഷ്
9J

It was a crisp autumn morning when Elara stood on the edge of the cliff, looking out over the vast, uncharted jungle below. Her fingers brushed the worn edges of the ancient map in her hands—an artifact that had been passed down through her family for generations. It was said to lead to the fabled Lost City of Ithara, a place that had been swallowed by the earth centuries ago, hidden deep in the heart of the jungle. Many had tried to find it, but none had returned.

Elara had spent years preparing for this moment. As an expert in ancient civilizations, she believed Ithara wasn't just a legend—it was real. And she was going to be the one to uncover its secrets.

She adjusted the strap of her leather pack, tightening it over her shoulder, and took a deep breath. The dense jungle loomed ahead, alive with the sounds of distant birds and rustling leaves. She stepped forward, plunging into the unknown.

The path was treacherous. Thorned vines whipped at her legs, and the thick humidity made the air feel heavy. But Elara's determination was unwavering. The map guided her through the wilderness, leading her past towering trees, across fast-flowing streams, and through dense underbrush. Days turned into weeks, and the further she traveled, the more she felt a strange pull—a magnetic force that seemed to guide her, urging her forward.

One evening, after she had set up camp beside a bubbling creek, Elara noticed something strange. The map, which had always been faded and indistinct, began to glow faintly in the moonlight. It wasn't just the map—everything around her seemed to shimmer, as if the very air was charged with energy.

Elara's heart raced. She knew she was closed. The ruins of Ithara were supposed to be hidden beneath layers of earth, lost to time, but this... this felt different.

The next morning, she set out before dawn, determined to find whatever lay at the end of her journey. As she trekked deeper into the jungle, the terrain began to shift. The trees grew taller, their trunks wider, their leaves gleaming silver in the sunlight. Then, just as the sun reached its zenith, she saw it—a colossal stone archway, half-swallowed by creeping vines and moss.

This was it. Ithara.

She stepped through the arch and into a world forgotten by time. The city stood before her in awe-inspiring grandeur, though centuries of neglect had taken their toll. Massive stone structures, half-crumbled and overtaken by nature, towered above her. Intricate carvings adorned every wall, telling stories of gods, warriors, and kings long since dust. The air was thick with the scent of earth and ancient stone, and the silence was almost oppressive.

But there was something more—something that Elara couldn't put her finger on. A presence. A faint, whispering wind seemed to call her deeper into the ruins.

She followed the winding streets, her footsteps echoing through the empty city. Eventually, she arrived at the heart of Ithara—the central temple, a towering

structure made of black stone, its top lost in the clouds. At the base of the temple, a massive stone door stood, covered in intricate carvings of celestial bodies and mysterious symbols.

Elara's fingers traced the symbols as she studied them, and her mind raced. She could read some of it—an ancient dialect—but it was incomplete. Then, her eyes caught something that made her pulse quicken: the final symbol, the one that completed the puzzle. It was a symbol she had seen before, carved into the map in her hands.

She knelt down, placing her hand over the symbol. Slowly, the ground beneath her began to rumble. The massive stone door shuddered and creaked, then, with a deafening groan, it began to open.

Beyond the door lay a vast chamber, its walls lined with gold and jewels, its ceiling supported by massive stone pillars. But at the center of the room was something far more extraordinary—a massive stone pedestal, upon which rested an object unlike anything Elara had ever seen. It was a crystal, glowing with an otherworldly light, pulsing in rhythm with her heartbeat.

As she approached the pedestal, a voice echoed in her mind.

"You have come for the Heart of Ithara."

Elara froze. The voice was not hers, not anyone's,she had ever heard. It was ancient, but not dead. It was alive.

"To claim it, you must offer something in return. A sacrifice, a piece of your soul, for the heart of this city belongs to the earth, and the earth demands its due."

The words sent a shiver down her spine. She glanced at the crystal, its light intensifying. Elara could feel the weight of the choice pressing upon her.

She had come for knowledge, for discovery—but was she willing to pay the price?

She reached out, her fingers brushing the crystal. A surge of energy coursed through her body, a rush of visions flooding her mind. She saw the rise and fall of Ithara, its people, its kings, and its ultimate destruction—a city that had tried to conquer death itself, and in doing so, had sealed its fate.

But now, as she stood there, Elara understood: the Heart of Ithara was not just a crystal. It was a key—a key to untold power, a power that had been hidden away for centuries.

The chamber began to shake. The earth groaned beneath her feet. Elara knew that if she took the crystal, the power of Ithara would be released, and there would be no turning back.

With a deep breath, Elara made her choice.

# പ്രകൃതി

ആഫിയ എൻ
10 B

ഒരിക്കൽ ഒരു വൃദ്ധൻ കാട്ടിലേക്കെത്തപ്പെട്ടു.സന്ധ്യാസമയം ആയപ്പോൾ അദ്ദേഹത്തിന് വിശപ്പും ദാഹവും അനുഭവപ്പെട്ടു.കുറച്ച് വെള്ളം കുടിക്കാനായി ഒരു ഊറ്റ് പൊലും ഇല്ലായിരുന്നു.ഒരു മരത്തിന്റെ ചുവട്ടിൽ ഇരുന്ന് ദൈവത്തോട് പ്രാർത്ഥിച്ചു.പ്രാർത്ഥനയുടെ ഇടയിൽ വൃദ്ധൻ മയങ്ങിപ്പോയി.പുലർച്ചെ കിളികളുടെയും മയിലിന്റെ കരച്ചിൽ ശബ്ദവും കേട്ട് വൃദ്ധൻ എഴുന്നേറ്റു.അതിൽ തന്നെ ആ വൃദ്ധൻ ആസ്വദിച്ച് ഇരുന്നു.ഉച്ചയായപ്പോഴേക്കും മയിലുകളും കിളികളും അവരുടെ കൂട്ടിലേക്ക് പോയി.ആ വൃദ്ധൻ അവിടെ നിന്ന് എഴുന്നേറ്റ് വീണ്ടും കുറേ ദൂരം നടന്നു.നടക്കുന്നതിനിടെ കുറച്ച് ദൂരേ ഒരു അരുവിച്ചാൽ കണ്ടു.വൃദ്ധൻ ചെറിയ ഒരു പുഞ്ചിരിയോടെ അരുവിയുടെ അടുത്തേക്ക് നടന്നു . അരുവിചാലിന്റെ അടുക്കൽ എത്താറായപ്പോൾ ഒരു വിഷസർപ്പത്തിന്റെ കൊത്ത് ഏറ്റു.വൃദ്ധൻ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു "ആരെങ്കിലും വായോ എന്നെ രക്ഷിക്കണേ".ആ കാട്ടിലെ വനസംരക്ഷകൻ അവിടെ നിന്ന് ആരുടേയോ ഒച്ചകേൾക്കുന്നു.".വാ നമുക് നോക്കാം". എന്ന് പറഞ്ഞ് വൃദ്ധന്റെ അടുക്കൽ വന്നു.വൃദ്ധനോട് ചോദിച്ചു.".എന്തിനാ നിലവിളിച്ചതെന്ന്",ആ വൃദ്ധൻ പറഞ്ഞു എന്റെ കാലിൽ എന്തൊകുത്തികയറിയെന്ന് അവർ ആ വൃദ്ധന്റെ കാലിൽ നോക്കി ഇതൊരു സർപ്പത്തിന്റെകൊത്താണെന്ന് പറഞ്ഞു. വൃദ്ധൻ ഭയന്ന് പോയി ഇനി എന്ത് ചെയ്യും "ഏയ് പേടിക്കാനൊന്നും ഇല്ല.ഇതിനുള്ള മരുന്ന് ഇവിടെ തന്നെ ഉണ്ട്"..വൃദ്ധൻ ചോദിച്ചു ഇവിടയോ ഈ കാട്ടിനുള്ളിലോ അതെ വനസംരക്ഷകരിൽ ഒരാൾ അവിടെ ഒരു തൈയിൽ നിന്ന് മൂന്ന് നാല് ഇലകൾ പറിച്ച് പാറകല്ലിൽ ഞെരടി അതിൽ നിന്ന് വരുന്ന നീര് വൃദ്ധന്റെ കാലിലെ മുറിവിൽ ഒഷി വെച്ചു.എന്നിട്ട് പറഞ്ഞു കുറച്ചു നേരം കഴിഞ്ഞിട്ട് എഴുന്നേറ്റ് പോയാൽ മതി അപ്പോൾ ഈ മുറിവിന്റെ നീറ്റൽ മാറുമെന്ന്.എന്നിട്ട് അവർ അവിടെ നിന്നും പോയി.

ആ വൃദ്ധൻ വിഷമിച്ച് ഇരിക്കവെ ഇന്ന് നടന്ന സംഭവം എന്തെല്ലാമാണെന്ന് ഓർത്തുനോക്കിയപ്പോൾ വൃദ്ധൻ മനസ്സിലായി നമ്മുടെ പ്രകൃതിയിൽ നിന്ന് ഉണ്ടാകുന്നമുറിവുകൾക്ക് പ്രകൃതിയിൽ നിന്ന് തന്നെ അതിന്റെ മരുന്നുകൾ ഉണ്ട്.


# The flower of love

-ഹാഷിദ് റഹ്മാൻ
9K

In the depth of my heart,
you reside , oh love!
In your eyes,
I see dreams.

In my mind a butterfly blooms ,
your touch,
your breath,
I see life.

In the flower of love,
I see your form,
your affection.
I see everything.



# THE MAGICAL FOREST ADVENTURE

ഇർഫാൻ. എസ്. ആർ
9J

1.In a magical forest, a group of animal friends loved to play together. There was Max the monkey, Lilly the lion, Sammy the snake, and Benny the bear. One sunny day, they stumbled upon a hidden path they had never seen before. “Wow! let’s explore!”,exclaimed Max. As they wandered down the path, the encountered a rushing river. “How will we get across?” asked Lilly.

2.Sammy slithered forward and said, “Don’t worry friends! I can help”. Sammy stretched his long body across the river, creating a bridge for others to cross. On the other side, they found a beautiful meadow filled with colour full of flowers. Benny being the strongest, picked a bouquet of flowers for his friends. As they sat together, enjoying their flowers, they heard a faint cry for help.

3.“Someone needs our help!” said Max. The friends quickly ran towards the sound and found a little bird trapped in a bush. Lilly gently used her powerful jaws to free the bird. The bird thanked them and said, “As a reward, I’ll grant you one wish each!” The friends thought for a moment and then made their wishes. Max wished for a never-ending supply of bananas. Lilly wished for a beautiful den to rest in. Sammy wished for the ability to change colours. Benny wished for a big, yummy honey pot. The bird granted their wishes and flew away. The friends cheered and hugged each other, greatful for their special bond.



# അമ്മയും ഞാനും

-ദേവനന്ദ എസ്.ആർ
9J

പണ്ടൊരിക്കൽ ആരോ പറഞ്ഞു-
തകിടുകൊടുത്തു വാങ്ങിയതാണെന്ന്....
എൻ അമ്മ എന്നെ....
പടികൾ പടികൾ വച്ചു കേറുമ്പോൾ
ചിരിതൂകി
എൻ അമ്മയും....

എൻ കുഞ്ഞിവിരളിൽ
അളവെടുത്തമ്മ പറയും
കുഞ്ഞാണ്....കുഞ്ഞാണ്....
അങ്ങനെ ഇങ്ങനെ ഇറങ്ങരുതേ
പോകരുതേ പൊന്നും കുടമായി
നീ ഇവിടെ.



കാലം മാറും നേരത്തും തീയെപ്പോലെ
എൻ അമ്മ...
ഭൂമിയിലെവിടെയും കൂട്ടായിട്ടുണ്ടാകും
എൻ അമ്മ...
ഇലകൾക്ക് അറിയില്ലല്ലോ
എൻ അമ്മതൻ കരുതലും സ്നേഹവും
ആർക്കും അറിയില്ലല്ലോ,കിളികൾക്കും
മേഘങ്ങൾക്കും, ഒന്നിനുംഅറിയില്ലല്ലോ
എൻ അമ്മതൻ കരുതലും സ്നേഹവും...
എൻ അമ്മതൻ കരുതലും സ്നേഹവും...
എവിടെ പോയാലും എന്നെ
ഓർത്തു വേലാതിപ്പെടുന്ന എൻ
അമ്മയെയാണെനിക്കേറെ ഇഷ്ടം...
അമ്മയെയാണെനിക്കേറെ ഇഷ്ടം...

# അറച്ചു നിന്ന കാലം

അനന്യ കൃഷ്ണൻ
9D



അടി എറ്റു വീണ സൂര്യനെ
കലർന്നു പോയ വെള്ളമേ
അടിഞ്ഞു പോയ കാലമേ
ഉയർന്ന്  വന്ന  ലോകമേ
ഇരുട്ടണഞ്ഞ സ്വപ്നമേ
മറച്ചുവെച്ച സത്യമേ
ഒടുക്കമില്ല തീരമേ
കിനാവ് കണ്ട സ്വപ്നമേ
മറന്നുപോയ നേരം
വഴി തെറ്റിയ ശലഭം ഞാൻ
അണഞ്ഞുപോയ ദീപം
കൊളുത്തിവെച്ച പന്തം
കൂട്ടിവച്ച കോപം
അലിഞ്ഞുപോയ സ്നേഹം
ഒരുക്കിവെച്ച മധുരം
കയ്പലിഞ്ഞ സത്യം
നീതിയില്ല ലോകം
അറച്ചു നിന്ന കാലം.

# കുഴിമന്തി

– സഫാൻ
9K

മന്തി മന്തി കുഴിമന്തി
കുഴിയിലുണ്ടാക്കും കുഴിമന്തി
മന്തി മന്തി കുഴിമന്തി
സോസും പിന്നെ മയണയിസു
കൂട്ടിതിന്നാം കുഴിമന്തി
മന്തി മന്തി കുഴിമന്തി
കടയിൽ കിട്ടും കുഴിമന്തി
പലതരമുണ്ട് കുഴിമന്തി
രുചിയുള്ള കുഴിമന്തി
മണമുള്ള കുഴിമന്തി
മന്തി മന്തി കഴിമന്തി.



### വസ്തുതകൾ

ശരാശരി ആയുസ്സുള്ള ഒരു മനുഷ്യൻ അയാളുടെ ജീവിതകാലത്ത് ഏകദേശം എത്ര ലിറ്റർ വെള്ളം കുടിക്കുമെന്നറിയാമോ? 60,605 ലിറ്റർ.



# THE MOONLIGHT



- സഫാൻ.എസ്.സഫർ
9K

Soft silver whispers,
Night dances on quiet waves,
Stars wink from above.

Gentle beams cascade,
Nature's calm and tender sighs,
Dreams drift through the air.

Cool shadows embrace,
The world bathed in glowing light,
Hearts find peace at night.

Secret paths reveal,
Where the night sky paints our hopes,
Moonlight guides the way.

## വസ്തുത

ലോകത്തിലെ ഏറ്റവും ഉയരം കുറഞ്ഞ സ്ത്രീ: 62.8 സെൻ്റീമീറ്റർ (2'0.7") ഉയരമുള്ള ജ്യോതി ആംഗെ ഇന്ത്യയിൽ നിന്നാണ്, 1993-ൽ ജനിച്ചു.



# സൗഹൃദ ഗന്ധം

അനുപമ
10C

കൺകോണിലെ കണ്ണാടിയിൽ
സൂര്യാംശമായ് തേടുന്നു നിൻ സ്നേഹം .
എന്റെ സ്വപ്നങ്ങളിൽ നിറയുന്നതെന്നും
നിന്റെ സ്നേഹം മാത്രം..
ഒരുനാൾ വാശിക്കപ്പുറമന്നു നടന്ന -
തിൽ ഞാനിന്നുമുരുകിടുന്നു...
പഠനമുറിയിലും വികൃതിയിലും മുഴുകിയ
നീ ഇന്നും എന്നാനന്ദം...
പരീക്ഷകടന്നപ്പുറം പോയാൽ
മറക്കുമോ എൻ ചങ്ങാതി
വിട്ടുപിരിഞ്ഞാൽ
ഓർമ്മകൾ പലതും പറ്റിപ്പിടിക്കും
പായൽ പോലെ ,നിൻ
സൗഹൃദത്തിൻ കിരണങ്ങൾ
എൻ മനസ്സിൽ ആഴ്ന്നിറങ്ങും...
സ്നേഹത്തിൻ പുതുവസന്തം
മധുരസ്വപ്നങ്ങളിൽ
ഹൃദയതാളം വിടർത്തുന്നു നീ
ഒടുവിൽ
വേദന നൽകി
എങ്ങോ മറയുന്നുവോ..
എൻ സുഹൃത്തേ,കാലമെത്ര കടന്നാലും
കണ്ണാടിപോൽ നിന്മുഖമെന്നുമെൻ
ചാരത്ത്
അരുമയാം ഓർമ്മയായുണ്ടാകും..



## വസ്തുതകൾ

നമ്മുടെ വളർച്ചയ്ക്കൊപ്പമാണ് ഒരാളുടെ ഉയരം കൂടുന്നത്. എന്നാൽ ഒരു ദിവസം ഒരുപാട് ദൂരം നിങ്ങൾ നടക്കുകയാണ് എന്നുകരുതു. ആ ദിവസം നിങ്ങളുടെ ഉയരം 2സെന്റീമീറ്റർ വരെ ചുരുങ്ങാം. നടക്കുമ്പോൾ നട്ടെല്ലിലെ കശേരുക്കൾ ഞെരുങ്ങി അമരുന്നതുമൂലമാണ് ഇങ്ങനെ സംഭവിക്കുന്നത്.

# മഴ വന്നേ!..

**അമൃത**
9D

**മഴ വന്നൂ..മഴ വന്നൂ.. ..**

**കുടച്ചൂടാറായ്**

**നീലാകാശം കറുത്തിരുണ്ടു....**

**പൂവുകൾക്ക് ആനന്ദമായി**

**മഴ വന്നൂ..മഴ വന്നൂ..**

**കിളികൾക്കാനന്ദമായി**

**മഴ വന്നൂ..മഴ മന്നൂ..**

**പുതുമഴ വന്നൂ..**

**മഴ മഴ മഴ മഴ മഴ**

**നല്ല മഴ..!**



## വസ്തുതകൾ

മൃഗങ്ങളെ പ്രതിമകളാക്കി മാറ്റാൻ കഴിയുന്ന ക്ഷാരഗുണമുള്ള ഒരു തടാകമുണ്ട്: ടാൻസാനിയയിലെ നട്രോൺ തടാകത്തിന് ഏകദേശം 10.5 pH നിലയുണ്ട്, ഇത് ഭൂമിയിലെ ഏറ്റവും ആൽക്കലൈൻ ജലാശയങ്ങളിൽ ഒന്നാണ്.



# നെല്ലി മരം

-അഹല്യ എസ് ലാൽ
9 K

സ്കൂൾ നാളിൽ
ഞാൻ കണ്ടിരുന്നു
ഒരു നെല്ലി മരം...
കൊതിയോടെന്നും
കാത്തു നിന്നിട്ടുണ്ട്
അതിന്റെ ചുവട്ടിൽ
ഒന്നു വീഴാൻ .......
അതിലെ മധുരവും
ചവർപ്പും എൻ നാവിൽ
നുണച്ചിറക്കാൻ ഞാൻ
കൊതിച്ചിട്ടുണ്ട്......
പൂക്കൾ വിരിഞ്ഞു
നിൽക്കുന്നതുപോലെ
അത് നിറഞ്ഞ്
നിൽക്കുകയാണ്
അന്നു ഇന്നും......



# പ്രണയത്തിന്റെ പൂവ്

-ദേവു
9J

ഹൃദയത്തിന്റ ആഴത്തിൽ,
നീ വസിക്കും പ്രണയമേ.
നിന്നുടെ കണ്ണിൽ ,
ഞാൻ കാണും സ്വപ്നങ്ങൾ.

തുളുമ്പിപ്പോകും മനസ്സിൽ,
നിന്നുടെ സ്പർശനമേ.
നിന്നുടെ ശ്വാസം,
ഞാൻ കാണും ജീവിതം

പ്രണയത്തിന്റെ പൂവിൽ,
നിന്നുടെ രൂപം
നിന്നുടെ സ്നേഹം,
ഞാൻ കാണും സർവ്വം.

## വസ്തുതകൾ

ഒട്ടകങ്ങൾക്ക് മൂന്ന് കണ്പോളകളുണ്ട്: മരുഭൂമിയിലെ മണലിൽ നിന്ന് സ്വയം പരിരക്ഷിക്കാൻ ഒട്ടകങ്ങൾക്ക് മൂന്ന് കൺപോളകളുണ്ട്.



# വാടിയ തൂലിക

-അഞ്ജി സജ്ജു
10K

ഓർമ്മവച്ചനാളിൽ എന്നെതലോടാൻ
ഉണ്ടായിരുന്നു ആയിരങ്ങൾ,
അന്നുഞാനതിലഹങ്കരിച്ചെങ്കിലും
ഇന്നുഞാനതിനൊന്നു കൊതിക്കുന്നു,
ആശാനന്നെന്നെ തലോടിയെങ്കിലും
ഇന്ന് ഞാൻ വാടിയപുഷ്പംപോലെ.

പള്ളിക്കുടത്തിലൊന്നാകെയാളായ് ഞാൻ
പിഞ്ചുകുഞ്ഞുങ്ങളുടെ കൂട്ടുകാരൻ,
എന്നിട്ടുമെന്തെയില്ല എനിക്കാരും
എങ്ങുപോയി എൻ കൂട്ടരെല്ലാം,
സ്നേഹിക്കുവാൻ ആരുമില്ലാതെയായ്
വേദനിക്കുന്നൊരീ മൗനം മാത്രം.

## വസ്തുതകൾ

ചോക്കലേറ്റിന് നായ്ക്കളെ കൊല്ലാൻ കഴിയും, കാരണം അതിൽ തിയോബ്രോമിൻ, കഫീൻ എന്നിവ അടങ്ങിയിട്ടുണ്ട്, ഇത് നായ്ക്കൾക്ക് വിഷാംശം നൽകുന്നു, ഇത് ഹൃദയത്തെയും കേന്ദ്ര നാഡീവ്യവസ്ഥയെയും ഉത്തേജിപ്പിക്കുന്നു. നായ്ക്കൾ ഈ രാസവസ്തുക്കളെ മനുഷ്യരേക്കാൾ വ്യത്യസ്തമായി മെറ്റബോളിസ് ചെയ്യുന്നു, ഇത് അവയുടെ ഫലങ്ങളോട് കൂടുതൽ സെൻസിറ്റീവ് ആക്കുന്നു.



# [illegible]

-അഞ്ജിനമോൾ
9K

The melody of night echoes,
The gentle touch of the moon’s beam.
The violin of water resounds,
The mermaids of the sea.

The melody of night sings,
The dance of stars.
The violin of water echoes,
The resonance of love.



## THE LITTLE BOOKSHOP OF DREAMS

-അഞ്ജിനമോൾ 9K

Emily had always been enchanted by books. As a child, she spent hours lost in the pages of her favourite novels. Emily inherited a quaint little bookshop in the heart of village.

The sign above the door read “moonlit pages”. Emily restored the shop to it’s former charm, filling the shelves with the classics and contemporary bestsellers. She also created a cozy reading book with plush armchairs and soft lighting.

As they talked, Emily discovered Jack’s passions for storytelling. She handed him a worn leather-bound book, saying,”This one needs a new chapter”. Jack’s eyes sparkled as he began writing.

Weeks passed, and Jack’s visits became regular. Emily watched his words flow into the pages, weaving tales of love, loss and hope. The bookshop transformed in to a sanctuary for writers, artists, and book lovers.

One evening, Jack read his finished manuscript aloud. Emily’s heart swelled with pride. His words had brought the village of life.

As the seasons changed, moonlit pages flourished. Emily and Jack’s freindship. Blossomed into love. Together, they crafted stories that touched hearts and inspired dreams.



# കുഞ്ഞു വരകൾ









THE smart Kid
One day Anu the smart kid at school
Teacher ask him a question
?
Anu thinks for some while and says
4
Teacher didnt expect an anser Like this
She explains
you have2 I have two-so 2+2=4 kidneys miss
The teacher was happy again
Harthika Jayan


DORA BUJI


VAIBHAV.S
III C






Adhisesh. A.V
4.C
TOM and JERRY



Young Innovators Programme 6.0
yip
The Students Selected For District Level Competition
Manav
Anamika
Mubashira
Fathima
Lakshmi
Aishina
Vijishna
Amina
Devananda
Sreebhadra
Suryalekshmi
Shiva
Ashtami
Sanjay
Ameya
Samiyya
Fabiya
Adhinath
Revathy
Saira

# Young Innovators Programme 7.0

## PRELIMINARY WINNERS


Manav R


Advika Abhilash


Revathy AJ


Abhinaya SR


Ishana NS


Asna N


Fousiya NH


Bhagya Chandra C


Aasiya N


Asna S


Muhsin H

**الأسد الجشع**

Subahana Fathima A.S
10 I

ذات مرة كان هناك أسد يعيش في الغابة. كان ذلك الأسد الجشع يقتل ويأكل كل الحيوانات التي يراها كل يوم. وفي أحد الأيام خرج الأسد بحثاً عن الطعام لنفسه بعد أن أخذ قيلولته بعد الظهر كعادته. وحينها رأى الأسد أرنباً نائماً تحت شجرة. كان الأسد سعيدا جدا برؤية الأرنب قال:
آها أرنب جيد دع الأرنب يكون الطعام الليلة. عندها لن يكون هناك المزيد من التجوال بحثا عن الطعام.
بقول هذا، بدأت بامي بالمشي نحو الأرنب النائم. ثم رأى الأسد مشهداً آخر على مسافة ما كان هناك غزال سمين رؤية الغزلان سقى فم الأسد. قال:

إن أكل هذا الغزال السمين في الليل أفضل من أكل أرنب صغير. " عندما قال هذا، اندفع نحو الغزلان عندما رأى الغزال الأسد، ركض بسرعة الأسد يتراجع. ركض وراء الغزلان وللهروب من يدي الأسد، ركض الغزال إلى الغابة واختبأ بعد أن أدرك أنه ليست هناك حاجة لملاحقة الغزال، عاد الأسد يائسا. شعر الأسد بالارتياح لأنه لا يزال هناك أرنب نائم تحت الشجرة.
لكن الأسد جاء إلى الشجرة التي كان الأر نائماً فيها ونظر إليها بصدمة. لم يكن الأرنب موجوداً في أي مكان. لقد ذهب أيضاً من هناك. وبحلول ذلك الوقت كان الأوان قد فات رآه الأسد
وقال:
يمكنني بسهولة إطعام أرنب. ولكن عندما رأيت الغزال، أصبحت جشعا. الآن ليس هناك " أرنب ولا غزال في متناول اليد."
وهكذا كان على الأسد الذي تخلص من الأرنب وطارد الغزلان أن يموت جوعا في الليل."
درس جيد:
"غالبًا ما يؤدي الجشع إلى خسارة ما لدينا"

# ദില്ലിയിലേക്കൊരു യാത്ര

-ശ്രീഭദ്ര ശൈലേന്ദ്രൻ
10 C

തിളക്കുന്ന ചൂടുള്ള ഒരു ഉച്ചദിവസമായിരുന്നു അത്. എങ്കിലും മഞ്ഞിന്റെ വിരിപ്പിൽ നിന്നു തല പൊക്കി നോക്കുന്നത് പോലെ അങ്ങേയറ്റം പ്രൗഢിയോടും തലയെടുപ്പോട് കൂടിയും അത് കാണപ്പെട്ടു– സപ്താദ്ഭുതങ്ങളിലൊന്ന്. ഷാജഹാന്റെയും മുംതാസിന്റെയും പ്രണയകഥകൾ ഉറങ്ങുന്ന നമ്മുടെ സ്വന്തം താജ്മഹൽ. ഓഗസ്റ്റ് മാസത്തിന്റെ ആഘോഷങ്ങളും രാജ്യതലസ്ഥാനത്തിന്റെയും ചരിത്ര സ്മാരകങ്ങളുടെയും പഴയ ഭരണസിരാകേന്ദ്രങ്ങളുടെയും സാമിപ്യം അനുഭവിക്കുന്നതിന്റെ ചാരിതാർത്ഥ്യവും ചേർന്നപ്പോൾ ആ കൊട്ടാരത്തിലെ ഷാജഹാന്റെ തടവറയ്ക്ക് സമീപത്തു നിന്നും കാണപ്പെട്ട ആ ദൃശ്യം പറഞ്ഞറിയിക്കാൻ ആവാത്ത വിധം മനോഹരമായി ഞങ്ങൾക്ക് തോന്നി. ആ സംതൃപ്തി പരസ്പരം പങ്കുവയ്ക്കാൻ പോലും മറന്നു ഞങ്ങൾ നിന്നു.

2024 ഓഗസ്റ്റ് 9 നാണ് 23 വിദ്യാർത്ഥികളും 3 അധ്യാപകരും അടങ്ങുന്ന സംഘം ദില്ലിയും സമീപപ്രദേശങ്ങളും സന്ദർശിക്കാനും ചെങ്കോട്ടയിലെ സ്വാതന്ത്ര്യദിനാഘോഷത്തിൽ പങ്കെടുക്കാനുമായി തിരുവനന്തപുരത്തുനിന്ന് പുറപ്പെട്ടത്. ഞങ്ങളിൽ 13 മുതൽ 10 വയസ്സുവരെയുള്ളവർ ഉണ്ടായിരുന്നെങ്കിലും ട്രെയിനിലെ ആദ്യദിവസം തന്നെ ഞങ്ങൾ വളരെ അടുത്ത സുഹൃത്തുക്കൾ ആയി മാറി. അതുകൊണ്ടുതന്നെ അടുത്ത രണ്ട് ദിവസങ്ങളും ഞങ്ങൾ വളരെയധികം ആസ്വദിച്ചു. കൊങ്കൺ റെയിൽ പാതയും കാർവാർ റെയിൽവേസ്റ്റേഷനും ഒക്കെ ഞങ്ങൾ അദ്ഭുതത്തോടെ കണ്ടു. ട്രെയിനിലെ ഏറ്റവും രസകരമായ അനുഭവം മറ്റു യാത്രക്കാരെ പരിചയപ്പെട്ടതായിരുന്നു. ഭാഷ ഒരു പ്രശ്നമായിരുന്നില്ല. തമിഴും ഹിന്ദിയും ഒക്കെ അറിയാവുന്നത് വെച്ച് ഞങ്ങൾ പിടിച്ചുനിന്നു. ഞങ്ങളുടെ ഹിന്ദി കേട്ട് പലരും ചിരിച്ചു പോയെങ്കിലും നല്ല അനുഭവമായിരുന്നു അത്. രണ്ടാം ദിവസം രാത്രിയോടെ ട്രെയിൻ ഗുജറാത്തിലേക്ക് കടന്നു. നമ്മുടെ പ്രധാനമന്ത്രി നരേന്ദ്ര മോദിജി കുട്ടിക്കാലത്ത് പാത്രം വിറ്റിരുന്ന വടൊറ്റര റെയിൽവേ സ്റ്റേഷൻ ഞങ്ങളിൽ കൗതുകം ഉണർത്തി.ഓഗസ്റ്റ് 11ന് ഉച്ചയോടെ ഞങ്ങൾ ഹസ്രത്ത് നിസാമുദ്ദീൻ സ്റ്റേഷനിൽ എത്തിച്ചേർന്നു. അവിടെ നിന്നും panickers travells ഞങ്ങൾക്കായി ഒഴുക്കിയ ബസ്സിൽ ചാണക്യ പുരിയിലേക്ക് പോയി. അവിടെ വിഷ്യ യുവ കേന്ദ്രയിലായിരുന്നു ഞങ്ങളുടെ താമസം.

അന്ന് വൈകിട്ട് ഞങ്ങൾ ഗാന്ധി മ്യൂസിയവും ഇന്ത്യ ഗേറ്റും കാണാൻ തീരുമാനിച്ചു. ഗാന്ധിജിയുടെ കേട്ടതും കേൾക്കാത്തതുമായ അനേകം കഥകൾ ഞങ്ങൾക്ക് അവിടെ നിന്നും കാണാനും കേൾക്കാനും കഴിഞ്ഞു. അനേകം ചരിത്രനിമിഷങ്ങൾ ചിത്രങ്ങൾ ആയും ശബ്ദരേഖയായും അവിടെയുണ്ടായിരുന്നു. അതുപോലെ മനോഹരമായിരുന്നു ഇന്ത്യ ഗേറ്റും. ചാറ്റൽ മഴയും മൂടൽമഞ്ഞും അസ്തമ സൂര്യന്റെ രശ്മികളും ചേർന്ന് ആ കാഴ്ചയെ അവിശ്വസനീയമാം വിധം മനോഹരമാക്കി തീർത്തു.

പിറ്റേദിവസം രാവിലെ തന്നെ ഞങ്ങൾ ആഗ്രയിലേക്ക് യാത്രതിരിച്ചു. ഇരുവശങ്ങളിലും ഗോതമ്പു പാഠങ്ങളും കടുകുപാഠങ്ങളും കരിമ്പിൻ തോട്ടങ്ങളും നിറഞ്ഞ യമുന എക്സ്പ്രസ് ഹൈവേ. യമുനാ നദിയെ റോഡ് മുറിച്ച് കടക്കുമ്പോൾ ഞങ്ങളെല്ലാം ചരിത്രപാഠപുസ്തകത്തെ സ്നേഹിച്ചു തുടങ്ങിയിരുന്നു. ഉത്തർപ്രദേശിന്റെ അവിസ്മരണീയമായ ഭൂപ്രകൃതി. നീണ്ട യാത്രയ്ക്ക് ശേഷം താജ് മഹലിന്റെ റോയൽ ഗേറ്റിനു മുന്നിൽ. ശേഷം ആവേശത്തോടെ ഗൈഡിനൊപ്പം ആ മഹാദ്ഭുതത്തിന് അടുത്തേക്ക്. പച്ചവിരിപ്പിട്ട പുൽമേട്ടുകൾക്കു നടുവിലൂടെയുള്ള കൽപ്പാതയിലൂടെ നടന്നെത്തുമ്പോൾ മുന്നിൽ താജ്മഹൽ. അതിന്റെ വെണ്ണക്കല്ലിൽ തട്ടി പ്രതിഫലിക്കുന്ന പ്രകാശത്തെ ആസ്വദിച്ചുകൊണ്ട് ഞങ്ങൾ നിന്നു. ആഗ്ര കൊട്ടാരമായിരുന്നു അടുത്ത ഡെസ്റ്റിനേഷൻ. മുകൾ ചക്രവർത്തിമാരുടെ രാജ സദസും ഉദ്യാനങ്ങളുമൊക്കെ അവിടെ കണ്ടു.

കൊട്ടാരത്തിനകത്ത് സ്ത്രീകൾക്ക മാത്രമായി ഉണ്ടായിരുന്ന സരോജിനി മാർക്കറ്റ് ഞങ്ങൾക്ക് അദ്ഭുതമായി. അതുപോലെ അത്രയും പഴയകാലത്തെ ഡ്രെയിനേജ് സംവിധാനവും സുരക്ഷാ സംവിധാനങ്ങളും ഒക്കെ ഞങ്ങളെ അമ്പരപ്പിച്ചു. ഇന്നത്തെ സാങ്കേതികവിദ്യകളെ പോലും വെല്ലുന്നതായിരുന്നു. ഷാജഹാൻ തന്റെ അന്ത്യനാളുകൾ ചെലവിട്ട തറവാട് ആയിരുന്നു അവിടെ ഏറ്റവും ആകർഷകമായത്. അതിനുമുകളിലെ നിലയിൽ നിന്നുള്ള ജനാലയിലൂടെ താജ്മഹൽ ഞങ്ങൾ കണ്ടു.ആ ദൃശ്യത്തെ കുറിച്ചാണ് ഞാൻ ആദ്യം വിചാരിച്ചത്. തടവറയിൽ നിന്ന് ഷാജഹാനും താജ് മഹൽ കാണാൻ വേണ്ടി പണിത ഒരു കിളിവാതിൽ ഉണ്ടെങ്കിലും സുരക്ഷാ പ്രശ്നങ്ങൾ മൂലം അവിടെ സന്ദർശക അനുമതിയില്ല. ഈ യാത്രയിലെ ഏറ്റവും മനോഹരമായ ദിവസമായിരുന്നു അത്. ആഗ്ര കോട്ടയിൽ നിന്ന് കണ്ട താജ് മഹലിന്റെ ദൃശ്യം ഇപ്പോഴും ഒരു വെണ്ണക്കല്ലുപോലെ വെൺമയാർന്ന ഓർമ്മയായി ഞങ്ങളുടെ മനസ്സിലുണ്ട്.

തുടർന്നുള്ള ദിവസങ്ങളിൽ ഞങ്ങൾ തീൻ മൂർത്തി ഭവനും ഇന്ദിരാഗാന്ധി മെമ്മോറിയലും ഒക്കെ കണ്ടു. കേന്ദ്രമന്ത്രിമാരുമായി സംവദിക്കാനുള്ള അവസരവും ഞങ്ങൾക്കുണ്ടായി. എല്ലാത്തിനുമുപരി ഓഗസ്റ്റ് 15ന് ചെങ്കോട്ടയിൽ നടന്ന സ്വാതന്ത്ര്യദിന ആഘോഷത്തിലും ഞങ്ങൾ പങ്കെടുത്തു. ജനഗണമന മാറ്റൊലി കൊണ്ട് ചെങ്കോട്ടയിലെ കാറ്റിന്റെ സുഖം ,ഓരോ തവണ അതോർക്കുമ്പോഴും ഞങ്ങൾ അനുഭവിക്കുന്നു

# പൂന്തേൻ

ആമിന.ടി
9j

മധുവിനുമാഗ്രഹം പൂവണിയുന്നതു
തോട്ടങ്ങൾ വിസ്താരം കാര്യമാക്കി....
തേനീച്ചപെണ്ണിന്റെ പാട്ടുകേട്ടണയുന്ന
പൂവിന്റെ തണ്ടിൽ കുഞ്ഞിലകൾ....
കോരിച്ചോരിയുന്ന മധുവിനറിയാം
താനിവിടത്തെ വൻതാരം....
ചിത്രം വരച്ചുമിനുക്കിയ ചിറകുള്ള
പൊൻകുടം വന്നല്ലോ ആഹ്ലാദം....
വസന്തകാലത്തിൽ മണിയൊച്ചകൾക്കും
സ്വാദിഷ്ഠമായൊരു  മാധുര്യം....
രശ്മികളേറ്റു തിളങ്ങും ഇലകൾക്ക്
കൂട്ടായി നിൽക്കും മഞ്ഞനുണ്ടത്തി....

# കാട്ടിനുള്ളിലെ കൊട്ടാരം

ദേവാമൃത പി എസ്

മൂന്ന് വിദ്യാർത്ഥികൾ ജപ്പാനിലുള്ള ഒരു കോളേജിലേക്ക് പഠിക്കാനായി പോയി.അവരുടെ പേര് നിമ,നിലു,നിമിഷ എന്നായിരുന്നു.അങ്ങനെ നിമയുടെ ക്ലാസ്സിൽ പഠിക്കുന്ന കുട്ടി അവളോട് ഒരു കഥ പറയുന്നു.ആ കഥ അവൾ നീലുവിനോടും നിമിഷയോടും പറയുന്നു.അവർ മൂന്നു പേരും താമസിച്ചിരുന്നത് ഒരു ഹോസ്റ്റലിൽ ആയിരുന്നു.അവിടെ അടുത്ത് ഒരു വലിയ കാട് ഉണ്ടായിരുന്നു അതിനുള്ളിൽ ഉണ്ടായിരുന്ന കൊട്ടാരത്തെ കുറിച്ചാണ് നിമയുടെ കൂട്ടകാരി അവളോട് പറഞ്ഞത് ആ കൊട്ടാരം വളരെ ഭയാനകം ആയിരുന്നു.അങ്ങനെ അവർ മൂന്നുപേരും ആ കൊട്ടാരത്തിലേക്ക് അഞ്ച് മണിക്ക് പോകാൻ തീരുമാനിച്ചു.അങ്ങനെ അവർ ആ കാട്ടിലേക്ക് പോയി.കുറച്ചകലെ നോക്കിയപ്പോൾ അവർ അന്വേഷിച്ചു വന്ന കൊട്ടാരത്തെയാണ് കണ്ടത്. അവർ കൊട്ടാരത്തിനകത്തെത്തിയപ്പോൾ നിമയുടെ കൂട്ടുകാരിപറഞ്ഞതിലും വിപരീതമായിരുന്നു.

അവിടെ പൂക്കൾ കൊണ്ട് നിറഞ്ഞിരുന്നു. അങ്ങനെ അവർ കൊട്ടാരത്തിനുള്ളിൽ കടന്നു. അവിടെയുണ്ടായിരുന്ന വാതിൽ അടയാനും തുറക്കാനും തുടങ്ങി.അവർ പെട്ടന്ന് പുറത്തേക്ക് കടക്കാൻ ശ്രമിച്ചു.ആ വാതിൽ പെട്ടന്ന് അടഞ്ഞു.നല്ല ഇരുട്ടായിരുന്നു.അവർക്ക് പേടി തോന്നി.അവരവിടെ കിടന്നുറങ്ങി.പെട്ടന്നൊരു ശബ്ദം കേട്ടു. പിന്നെ ആ കുട്ടികളെ ആരും കണ്ടിട്ടില്ല.......

# हरी बूंद

Anamika
10J

आज सुबह बहुत बारिश  था। सुबह उठकर देखा तो  मनु  के चेहरे पर प्रसन्नता  की फूल खिला।घर के चारों ओर बारिश के बाद खूबसूरती फूल खिला है। सूरज की रोशनी से ऑगन के फूल चमक रहा था।

बहुत दिनों के बाद बारिश हुआ है। पर अचानक सूरज आसमान  से चला गया। बारिश की बादलों ने आसमान पर आ गया। और ऐसे बारिश हुआ जैसे किसी ने नल खुला दिया। मनु को दुःख हुआ।  क्यों कि उसने सोचा था कि  कुछ देर बाद खेलूँगा।पर अचानक हुआ बारिश। उदासी चेहरे से उसने एक कुर्सी  पर बैठा। और बारिश होने पर गुस्सा किया। उसको बारिश पसंद नहीं था। उसने सोचा बारिश होना व्यर्थ  है।

कुछ देर बाद उसने देखा तो सब जग सूरज की रोशनी है। घर के ऑगन ऐसे थे जैसे बारिश हुआ  ही नहीं है। उसको खुश हुआ।  वह खेलने के लिए निकल गया। वह अपनी दोस्त के पास  खेलने के लिए चल रहा था। ऐसे  जब वह सड़क से चल रहा था तब सूरज की गर्म भी बढ रहा था। चारों  तरफ सूरज की गर्म से पौधा की रंग काला हो रहा था।  पेड पौधे ऐसे   दिख रहे थे जैसे पानी मिलकर कई साल हुआ है। गर्म बढते ही रही। कुछ दूर जाने के बाद उसने एक खेत  देखा। वहाँ  सिर्फ  मिट्टी ही बचा था। गर्म से सूखा हुआ मिट्टी। अब वह दिखने पर खेत नहीं लगता।

मनु कुछ दूर ओर चला। वहाँ उसने अपने  घर के पासवाली लोगों को देखा। उन लोगों के पास पीने के लिए एक बूंद पानी नहीं था। वे लोग पानी की तलाश में थे। पानी न मिलने से कई  लोग भूमी से विदा बोला। ऐसा लोगों के जीवन देखकर  मनु को दुःख हुआ।  उसने ऐसा रंग से डर गया। डर के मारे उसने वहाँ से दौड़ा।

दौड़ – दौड़कर वह घर पहूँचा। अचानक मनु को कोई बुलाने के आवाज सुना। उसने अपनी ऑख खोलकर देखा तो वह उसका माँ थी।उसने मनु से पूछा वह क्यों कुर्सी  पर बैठकर सो रहा है। अब मनु को पता चला कि जो कुछ उसने  देखा  वह सपना था। उस सपने के बारे में सोचा तो उसके मुँह पर हँसी खिला। उस सपने के द्वारा मनु को बारिश के महत्व के बारे में पता हुआ।  अब वह बारिश को पसंद  करते हैं।

## *The Birds in My Backyard*

-Lekshmi Parvathy S.P.
9I

The baby birds chirp in delight,
As they see their mother, flying in twilight,
With food in her beak, ready to feed
To her young ones, and to the nest she heed.

She feeds them the food,
As the Sun lowers its hood,
It is a freezing night
And with their mother by their side, the children sleep tight.

It is quite a scene to watch
And every moment of it, I catch
Sketching in my flowery backyard,
Swinging backward and forward.

Before long, it's the next day,
Sunrays and warmth find its way
Through my massive violet curtains
And they peer through my soul like a convex lens.

Unbraiding my hair, I realise
I hear no sound of the fairies in disguise,
It is late night, when I finally decide,
To go to my backyard, hating the humidity of inside

Oh, where are the trees
That once lined the streets
And where are the birds
Whom I used to describe with my words

There will be no more baby birds chirping in delight
No more mother flying towards them in twilight
With food in her beak, ready to feed
To her young ones, and to rest she heed.



Navaneeth BS
100m back
stroke Ist



chess
junior girls
IInd



chess
junior boys
IInd



karate
Senior girls
below 58kg
Ist


Gopika
karate
senior girls
below 62kg
Ist



karate
senior girls
below 50kg
IInd


---



sub district
200m,600m 3rd
district
participation



subdistrict
100m 3rd
district
participation



subdistrict
DT 3rd
district 3rd
state
participation


Muhammed
Raihan
subdistricts
LJ Ist
district
participation



Fencing
subdistrict
district
State
IInd


Shahzad Sha
senior boys
karate Ist
below 40kg



subdistrict
shotput 3rd
district
participation


Adithyan
subdistrict
DT&JT 2nd
district
participation



subdistrict
subjunior girls
Relay Ist



subdistrict
Junior girls
Relay IInd



subdistrict
UP kiddies girls
Relay IIIrd



subdistrict
Football 1st
subjunior boys



ADITHYAN S R

Senior boys
karate Ist
below 40kg



SIVAHARI.A.R

Senior boys
Karate Ist
below 63kg



FASNAFATHIMA S S

Senior girls
Karate IInd
below 55kg



FAYIZ MUHAMMAD S

Senior boys
Wushu Ist
below 45kg



MUHAMMED RAIHANSHA

Senior boys
Wushu Ist
below 40kg



NAVYA JAYAN

Senior girls
karate Ist
below 45kg



PAVAN MANU

Senior boys
karate Ist
below 58kg



PRATHUL KRISHNA P A

Junior boys
Yoga Ist

## സംസ്ഥാന കലോൽസവ
## വിജയികൾ



**നവനീത് ബി എസ്**
**ചെണ്ട തായമ്പക**



**അനാമിക എസ് എസ്**
**ഹിന്ദി കഥാരചന**

## സംസ്ഥാനശാസ്ത്രമേള വിജയികൾ



ഗോവിന്ദ് ജി എ
ഗണിത ശാസ്ത്രം
സ്റ്റിൽ മോഡൽ



അതീത
പ്രാദേശിക ചരിത്ര രചന




ശ്രീഭദ്ര ശൈലേന്ദ്രൻ & മെഹ്റു ഫാത്തിമ
ഗണിത ശാസ്ത്രം
ഗ്രൂപ്പ് പ്രോജക്ട്





## സ്കൂൾ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കാൻ സഹായിച്ച അധ്യാപകർക്കും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും

# നന്ദി

